പ്രവർത്തിക്കുന്നവർ ഒരു ലക്ഷമുണ്ടാകും എന്ന് പറഞ്ഞിട്ടുള്ളത് അത്രയുമുണ്ടാകില്ല. അത് പരമാവധി എല്ലാവരുംകൂടി ചേർന്നാൽ 10,000 പേർ മാത്രമേ ഉണ്ടാകാൻ സാധ്യതയുള്ളൂ. കേബിൾ ടി.വി. ജീവനക്കാർക്കുള്ള ക്ഷേമനിധിക്കായി മറ്റൊരു ബിൽ ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. ഇതുരണ്ടുംകൂടി വരുമ്പോൾ ഒരുമിച്ച് ഒരു ബിൽ ആക്കി വേണമെങ്കിൽ ഗവൺമെന്റിന് അവതരിപ്പിക്കാവുന്നതാണ്. അപ്രകാരം ടി. വി., സാറ്റലൈറ്റ് ചാനൽ, വാർത്താധിഷ്ഠിത ന്യൂസ് ഏജൻസി, വെബ് എന്നിവയിലെ 2500-ഓളം തൊഴിലാളികളുടെ പരാതി മാറ്റാൻ അംശാദായം രണ്ടുരൂപ പ്രകാരം പ്രതിവർഷം 72,000 രൂപയും തൊഴിലുടമാവിഹിതമായി 5% വച്ച് 3,600 രൂപയും തത്തുല്യമായ സർക്കാർ വിഹിതമായ 75,600 രൂപയും ചേർത്ത് പ്രതിവർഷം 1,51,200രൂപ മാത്രമേ ക്ഷേമനിധിയിൽ ഉണ്ടാവുകയുള്ളൂ. അതിനാൽ ധനകാര്യ മെമ്മോറാണ്ടത്തിൽ ഞാൻ പറയുന്നതുപോലെ ഈ ബില്ലിൽ പറയുന്ന അത്രയും അംഗസംഖ്യ ഇല്ലാത്തതുകൊണ്ട് നേരത്തേ പറഞ്ഞ ആളുകളെ ഇതിനോട് ചേർത്ത് ഒന്നായി പരിഗണിക്കാവുന്നതാണ്. ഇതിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നുവെങ്കിൽ ഇവരെ എല്ലാവരേയും പരിഗണിക്കുന്ന കൂട്ടത്തിൽ സിനിമാരംഗത്തേക്ക് വരുന്നവരെക്കൂടി ചേർക്കാനും അവർക്ക് ഒരു ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടിയും അവരുടെ നന്മയ്ക്കു വേണ്ടിയും ഉതകുന്നതിനാണ് ഞാൻ ഈ ബിൽ അവതരിപ്പിച്ചത്. അടുത്ത ദിവസം ചർച്ച തുടരുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിന് അങ്ങയുടെ സമയം കഴിഞ്ഞു. അടുത്ത ബില്ലിനുള്ള പ്രമേയം അവതരിപ്പിക്കാം.

(ചർച്ച തുടരും)

(7) 2004-ലെ കേരള സിനി വർക്കേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2004-ലെ കേരള സിനി വർക്കേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മോഹൻകുമാർ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നേരത്തേ പറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ ഞാനിതിനെ oppose ചെയ്യുകയാണ്. ഇതിന്റെ സ്പിരിറ്റിനെ എതിർക്കുന്നില്ല. പക്ഷേ ഈ പ്രമേയത്തെ oppose ചെയ്യുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: കേരള സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്ന ഒരു മേഖലയാണ് ചലച്ചിത്ര മേഖല; അതിൽ ആർക്കും സംശയമുണ്ടാകേണ്ട കാര്യമില്ല. സിനിമാ നിർമ്മാണവും വിതരണവും പ്രദർശനവുമൊക്കെ വളരെ ബൃഹത്തായ ഒരു മേഖലയാണ്. ആ രംഗത്തെ തൊഴിലാളികൾക്ക് യാതൊരുവിധ സുരക്ഷിതത്വവും ഇല്ലാത്ത തരത്തിലേക്കാണ് സമീപകാല സംഭവവികാസങ്ങൾ എത്തിയിരിക്കുന്നത്. രാഷ്ട്രീയത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

പിരിവുകൾപോലെ 'ചേമ്പറും' 'താരങ്ങളുടെ സംഘടന'യുമെല്ലാംതന്നെ അങ്ങോട്ടുമിങ്ങോട്ടും ഒരു തർക്കാവസ്ഥയിൽ എത്തിയിരിക്കുകയാണ്. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെല്ലാം സിനിമ അതാത് സംസ്ഥാന ഗവൺമെന്റിനാൽ സംരക്ഷിക്കപ്പെടുന്ന ഒരു ഘടകമാണ്. കേരളത്തിൽ 1100-ഓളം തിയേറ്ററുകളാണ് ഇപ്പോഴുള്ളത്. ആ തിയേറ്ററുകളിൽ നിന്നും ഈടാക്കുന്ന 48% വിനോദ നികുതി ഇപ്പോൾ കുറച്ചിട്ടുണ്ട്. നമ്മുടെ ഗവൺമെന്റ് ഇതിനുവേണ്ടി ചില അനുകൂലമായ നടപടികൾ സ്വീകരിച്ചു. കേരളത്തിൽ സിനിമാ മേഖലയുടെ രക്ഷയ്ക്കായി ശ്രീ. എ. കെ. ആന്റണിയുടെ ഭരണ കാലത്ത് ശ്രീ. ജി. കാർത്തികേയൻ, ശ്രീ. എം. എം. ഹസ്സൻ, ശ്രീ. ചെർക്കളം അബ്ദുള്ള തുടങ്ങിയവരായിരുന്നു നടപടികൾ സ്വീകരിച്ചത്. ഈ രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ അവർ ഇടപ്പെട്ടത് വളരെ സ്വാഗതാർഹമണ്. 6-9-2004-ലെ മാതൃഭൂമി എഡിറ്റോറിയലിൽ പറയുന്നത് വിനോദ നികുതിയിൽ കാര്യമായ കുറവ് വരുത്തിയതും പ്രദർശന നികുതി ഒഴിവാക്കിയതും ഈ രംഗത്തെ പ്രതിസന്ധി വലിയൊരളവുവരെ പരിഹരിക്കാൻ ഇടയാക്കി എന്നാണ്. സിനിമയുടെ വിനോദസഞ്ചാര നികുതിയുടെ കാര്യത്തിൽ ഒരു സവിശേഷ ആനുകൂല്യം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സർവ്വീസ് ചാർജ് കൂട്ടിയതിലൂടെ ലഭിക്കുന്ന വരുമാനവും സിനിമ മേഖലയ്ക്കു തന്നെയാണ് പ്രയോജനപ്പെടുക. അതുപോലെ നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ, സംശയമുദിച്ചതുപോലെ വ്യാജ സി.ഡി. കളുടെ നിർമ്മാണവും വിതരണവും വ്യാപകമായത് സിനിമാരംഗത്ത് വലിയ ഭീഷണിയാണ്. അതിനെതിരെ അതിശക്തമായ നീക്കവും നിലപാടുകളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായി. വ്യാപകമായ റെയ്ഡുകളും സമീപകാലത്ത് റിലീസ് ചെയ്ത സിനിമകളുടെ കാസറ്റുകൾ കണ്ടെത്തുന്നതിനുള്ള അതിശക്തമായ നീക്കങ്ങളും സംസ്ഥാനത്ത് വളരെ ശക്തമായി നടത്തിയതിന്റെ ഫലമായി ആ രംഗത്ത് ഒരു പുത്തൻ ഉണർവ് വന്നിട്ടുണ്ട്. അഭിനേതാക്കളും വ്യവസായികളും സംഘടനകളും തമ്മിലുള്ള തർക്കങ്ങൾ കാരണം സിനിമാരംഗം പ്രശ്നകലുഷിതമായിരുന്നു എന്നുള്ളത് വാസ്തവമാണ്. അത് മാറിയിട്ട് അഞ്ചാറ് മാസങ്ങളേ ആയുള്ളൂ. ഇപ്പോൾ ഈ രംഗത്ത് വീണ്ടുമൊരു പുതിയ പ്രഭാതം വിടരുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. മോഹൻകുമാർ; രാഷ്ട്രീയ രംഗത്തും സിനിമാ രംഗത്തും ഒരുപോലെ പ്രവർത്തിക്കുന്നവരുണ്ട്. ഈ രണ്ടു രംഗത്തേയും സാധ്യതകളുടെ ഏറ്റക്കുറച്ചിൽ അനുസരിച്ച് പരസ്പരം 'അങ്ങോട്ടുമിങ്ങോട്ടും തങ്ങളുടെ റോളുകൾ മാറാൻ ആഗ്രഹിക്കുന്നവരുമുണ്ട്. അങ്ങ് ഈ രംഗത്തു പ്രവർത്തിക്കുന്നവരോട് വളരെ പ്രതിബദ്ധതയുള്ള ഒരാളെന്നുള്ള നിലയിൽ ദൃശ്യ മാധ്യമരംഗത്തും സിനിമാ രംഗത്തും ഉള്ളവരുടെ പ്രോൽസാഹനത്തിനായി ത്യാഗങ്ങൾ അനുഷ്ഠിക്കാൻ വ്യക്തിപരമായി തയ്യാറാണോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ചോദ്യം തന്നെ എനിക്കു മനസ്സിലായില്ല. ഇവിടെ ഇരിക്കുന്ന ആർക്കെങ്കിലും മനസ്സിലായിക്കാണുമോ എന്നു തന്നെ സംശയമാണ്. തമിഴ്നാട്ടിൽ 25 ശതമാനമാണ് വിനോദ നികുതി. ആന്ധ്രാപ്രദേശിൽ 9 ശതമാനമാണ്. കർണ്ണാടകത്തിൽ പ്രാദേശിക സിനിമകൾക്ക് പൂർണ്ണ നികുതിയിളവാണുള്ളത്. മലയാള സിനിമയുടെ പരിമിതമായ വിപണി മനസ്സിലാക്കി അതനുസരിച്ച് മലയാള സിനിമയെ

LIBRARY ARCHIVES Kerala Legislative Assembly

ഒതുക്കി നിർത്താനുള്ള സാമ്പത്തിക അച്ചടക്കമാണ് ഈ മേഖലയിൽ അവശ്യം വേണ്ടത്. എന്തെല്ലാം കസർത്തുകൾ ചെയ്താലും പ്രേക്ഷകർക്ക് ഇഷ്ടപ്പെട്ടില്ലെങ്കിൽ സിനിമ പൊളിയും. അതുകൊണ്ട് പ്രേക്ഷകർക്ക് പ്രാധാന്യസ്ഥാനം നൽകിക്കൊണ്ടുവേണം ഈ രംഗത്തുള്ളവർ സംഘടിക്കേണ്ടത്. സിനിമയെ ഒരു വ്യവസായമെന്ന നിലയിൽ കാണുകയും, ആനുകൂല്യങ്ങൾ നൽകി പരിരക്ഷിക്കുകയും, സമഗ്രമായ വളർച്ചയ്ക്കു വേണ്ടി ദീർഘവീക്ഷണത്തോടുകൂടി പദ്ധതികൾ രൂപവൽക്കരിക്കുകയും, ചെയ്യുന്ന ഉത്തരവാദിത്വത്തിൽ നിന്നും സർക്കാർ മാറിക്കൂടാ. വ്യവസായ രംഗവുമായി വളരെയധികം ആളുകൾ ബന്ധപ്പെടുന്ന ഒരു മേഖലയാണെന്നു മാത്രമല്ല, എത്ര കേബിൾ ടി.വി.-കൾ, ദൃശ്യ മാധ്യമങ്ങളിലൂടെ തള്ളിക്കയറിയിട്ടുണ്ടെങ്കിലും ആ ബിഗ് സ്ക്രീനിൽ സിനിമ കാണുമ്പോൾ കിട്ടുന്ന ഒരു സുഖം, അതിന്റെ ഒരു പൂർണ്ണത നമുക്കാർക്കും തള്ളിക്കളയാൻ പറ്റുന്നതല്ല. അതുകൊണ്ട് സിനിമാ സംഘടനകൾ ഗവൺമെന്റിനോടൊപ്പം സഹകരിക്കുകയാണ് വേണ്ടത്. അവർ തമ്മിൽ അടിച്ചു നശിക്കരുതെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്. സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കിത്തരുന്ന ഒരു രംഗമാണ് സിനിമാ വ്യവസായം. പക്ഷേ ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന ഒരു തൊഴിൽ മേഖലയാണ് ചലച്ചിത്ര വ്യവസായം. ലക്ഷക്കണക്കിനാളുകൾ ജോലി ചെയ്യുന്ന ഈ രംഗത്ത്, തൊഴിൽ സുരക്ഷയോ ഏതെങ്കിലും തരത്തിലുള്ള ക്ഷേമപ്രവർത്തനമോ നടക്കുന്നില്ല. സിനിമാ നിർമ്മാണ-വിതരണ-പ്രദർശന മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണം ക്ലിപ്തപ്പെടുത്തുന്നതുപോലും ദുഷ്ക്കരമാണ്. ചലച്ചിത്ര അക്കാഡമി നൽകുന്ന അവശ കലാകാരന്മാരുടെ പെൻഷനും മറ്റു സഹായ നിധികളും, ഈ മേഖലയുടെ വ്യാപ്തി പരിഗണിക്കുകയാണെങ്കിൽ വളരെ തുച്ഛമാണ്. സിനിമ എന്ന മാസ്മര ലോകത്തിൽ പ്രശസ്തി തേടി പുറപ്പെട്ട് ഒരു ലൈറ്റ് ബോയിയായോ, ഒരു ആർട്ടിസ്റ്റായോ ജീവിക്കാൻ വിധിക്കപ്പെട്ടവരും, കഷ്ടപ്പെട്ട് പണം സമ്പാദിച്ചതു മുഴുവൻ സിനിമാ നിർമ്മാണത്തിൽ നിക്ഷേപിച്ച്, അവസാനം പാപ്പരായ സിനിമാ നിർമ്മാതാക്കളും ഇവിടെയുണ്ട്, ഭരത് അവാർഡ് നേടിയ പി. ജെ. ആന്റണിയുടെ ഡെഡ് ബോഡി മദിരാശിയിൽ നിന്നും നാട്ടിലെത്തിക്കുന്നതിന് ഉദാരമതിയായ പ്രേംനസീർ അന്നു വിമാന ടിക്കറ്റെടുത്ത് നൽകിയില്ലെങ്കിൽ ആ ഡെഡ് ബോഡി നാട്ടിൽപ്പോലും കൊണ്ടുവരാൻ കഴിയുമായിരുന്നില്ല. ഭരത് അവാർഡ് നേടിയ ആ നടന്റെ അവസ്ഥപോലെ പലരുടെയും അവസ്ഥ നമ്മൾ കണ്ടതാണ്. സർക്കാരിന്റെയും സമൂഹത്തിന്റെയും അനുകമ്പ അർഹിക്കുന്ന വിഭാഗമാണിത്. സാങ്കേതികവിദ്യമൂലം തൊഴിൽ നഷ്ടപ്പെടുന്ന ഒരു വലിയ വിഭാഗം ഈ മേഖലയിൽ തന്നെയുണ്ട്. നിർമ്മാണ രംഗത്ത് സംവിധായകർ, നിർമ്മാതാക്കൾ തുടങ്ങി, സാങ്കേതിക പ്രവർത്തകരും അവരുടെ സഹായികളായി പ്രവർത്തിക്കുന്ന നൂറു കണക്കിനു അണിയറ പ്രവർത്തകരും അഭിനേതാക്കളും ഗായകരും ആർട്ടിസ്റ്റുകളും ഈ മേഖലയിൽ പണിയെടുക്കുന്നു. ഇരുന്നൂറോളം സിനിമാ വിതരണ കമ്പനികളിൽ ആയിരത്തിലധികം വിദഗ്ദ്ധ തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു പല തൊഴിൽ മേഖലകളിലും ഉള്ളതുപോലെ നിശ്ചിത വരുമാനം ഈ രംഗത്ത് ലഭിക്കുന്നില്ല. വളരെയധികം വരുമാനം പറ്റുന്ന ഏതാനും ചിലർ, അവരെ ചുറ്റിപ്പറ്റി ജോലി ചെയ്യുന്ന മഹാഭൂരിപക്ഷം. ആ രീതിയിലാണ് ഈ വ്യവസായം മുന്നോട്ടു പോകുന്നത്. ഇൻഷ്വറൻസ് പോലുള്ള ക്ഷേമപദ്ധതികളിൽ ചേരാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

രംഗത്തുള്ളവർക്ക് കഴിയാറില്ല. വർഷം തോറും നൂറു കണക്കിന് സിനിമാ കമ്പനികൾ അടച്ചു പൂട്ടുന്ന ഇക്കാലത്ത് അനാഥമാകുന്ന തിയേറ്ററുകളിലെ തൊഴിലാളികളുടെ കാര്യം ആരും ശ്രദ്ധിച്ചു കാണുന്നില്ല. തിയേറ്റർ ഉടമകളുടെ സംഘടനകളുടെ കൂട്ടായ പ്രവർത്തനമുണ്ടെങ്കിലും തിയേറ്റർ ഉടമകൾ തികച്ചും അസംഘടിതരാണ്. നിർമ്മാണ രംഗങ്ങളിൽ പ്രവർത്തിക്കുന്ന 'മാക്ട', 'അമ്മ' തുടങ്ങിയ സംഘടനകൾ ക്ഷേമപ്രവർത്തനങ്ങൾ ചെറിയ തോതിൽ നടത്തുന്നുണ്ടെങ്കിലും അസംഘടിതരായ ഭൂരിപക്ഷം പേരും തികച്ചും ദയനീയമായ സാഹചര്യങ്ങളിലാണ് കഴിയുന്നത്. നിർമ്മാണ രംഗത്തുണ്ടാകുന്ന സൂപ്പർ ഹിറ്റുകൾ, ഈ രംഗത്തെ തൊഴിലാളികൾക്ക് പ്രത്യക്ഷമായ നേട്ടങ്ങൾ ഒന്നും നൽകുന്നില്ല. എന്നാൽ തുടർച്ചയായി ഉണ്ടാകുന്ന നഷ്ടങ്ങൾ സിനിമാ പ്രവർത്തകരെ കഷ്ടപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് ഈ രംഗത്ത് ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട്, കേരളത്തിലെ ഒരു പ്രധാന വ്യവസായം എന്നപരിഗണന നൽകി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെയധികം വരുമാനം സംഭാവന ചെയ്തുകൊണ്ടിരിക്കുന്ന ഒരു മേഖല എന്ന രീതിയിൽ, കാലാകാലങ്ങളിൽ ഈ രംഗത്തുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും ഈ രംഗത്തു പ്രവർത്തിക്കുന്ന സംഘടനകളുമായി ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തനം നടത്തുന്നതിനും, വെറുമൊരു അവാർഡു നൽകുന്ന നടപടി മാത്രമായി നമ്മുടെ ഗവൺമെന്റിന്റെ പ്രവർത്തനം ചുരുക്കാതെ, ഈ മേഖലയിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി കമ്മിഷനുകളെ വയ്ക്കുകയോ അതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സമാഹരിക്കുകയോ ചെയ്യണം. ഈ വക കാര്യങ്ങളിൽ ഇടപെട്ട്, ആന്ധ്രയിലും തമിഴ്നാട്ടിലും കർണ്ണാടകത്തിലും സിനിമാ വ്യവസായം രക്ഷപ്പെടുകയാണെങ്കിൽ അത്രയും തന്നെ ഭൂമിശാസ്ത്രപരമായി വലിപ്പമില്ലാത്തതും ജനസംഖ്യാപരമായി കുറവുള്ളതുമായ ഈ സംസ്ഥാനത്ത്, സിനിമാ വ്യവസായത്തെ നിലനിർത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഈ ചർച്ച വീണ്ടും അടുത്ത ദിവസം തുടരുന്നതാണ്. [ചർച്ച തുടരും]

മി. ഡെപ്യൂട്ടി സ്പീക്കർ: താങ്കൾക്ക് അടുത്ത പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

(8) 2004-ലെ കേരള അനുബന്ധ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2004-ലെ കേരള അനുബന്ധ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മോഹൻകുമാർ: ഞാൻ ഇതിനെ പിന്താങ്ങുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പ്രമേയത്തെ എതിർക്കുന്നു. കേരളത്തിലെ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി 1985-ൽ കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി നിയമം പാസ്സാക്കുകയും 1986-ൽ കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി രൂപീകരിക്കുകയും തൃശ്ശൂർ ആസ്ഥാനമാക്കി കേരളാ മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly